ക്കാൻ സാദ്ധ്യമാവുകയുള്ളൂ. ഈ വിഷയം സംബന്ധിച്ച് കൈവശക്കാരുടെ പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

80 (660) ചിന്നക്കനാൽ പഞ്ചായത്തിൽ റവന്യൂ ഭൂമി കയ്യേറ്റം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പനയിൽ ചിന്നക്കനാൽ പഞ്ചായത്തിൽ 11/1 സർവെ നമ്പരിലുള്ള റവന്യൂഭൂമി കയ്യേറി കോളനി സ്ഥാപിക്കാൻ ശ്രമം നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലത്ത് അനധികൃതമായി കുടിലുകൾ കെട്ടിയിട്ടുണ്ടോ;

(സി) കയ്യേറ്റം തടയാൻ റവന്യൂ അധികൃതരും പോലീസും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കുമോ;

(ഡി) ഈ കയ്യേറ്റം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഒത്താശയോടെയാണോയെന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ;

(ഇ) സർക്കാർ ഭൂമി അനധികൃതമായി കൈയ്യേറിയവരെ അടിയന്തിരമായി ഒഴിപ്പിച്ച് അവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനും റവന്യൂ ഭൂമി സംരക്ഷിക്കുന്നതിനുമുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്ഥലത്ത് നാൽപ്പതോളം കുടിലുകൾ കെട്ടിയിരുന്നു.

(സി) നിർദ്ദിഷ്ട സ്ഥലത്തെ താത്കാലിക പ്രവേശനങ്ങൾ 28.1.2000-ൽ റവന്യൂ അധികൃതർ ഒഴിപ്പിച്ചിരുന്നു. അതിനുശേഷം കുറെ അനധികൃത കൈയേറ്റങ്ങൾ ഉണ്ടായി. 2.2.2000-ൽ വനം വകുപ്പ് അധികൃതരും പോലീസും കൂടി ടി അനധികൃത പ്രവേശനങ്ങൾ ഒഴിപ്പിച്ചു.

(ഡി) അനധികൃത പ്രവേശകർക്ക് ചില രാഷ്ട്രീയ പാർട്ടിക്കാരുടെ പിൻബലമുണ്ടെന്നാണ് അറിയുന്നത്.

(ഇ) സർക്കാർ ഭൂമി അനധികൃതമായി കൈയേറിയവരെ ഒഴിപ്പിച്ച് ടി സ്ഥലം ഇപ്പോൾ സർക്കാർ അധീനതയിലാണ്.

81 (661) മുതുകാട് കുടിയേറ്റ പ്രദേശത്തെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽപ്പെട്ട മുതുകാട് കുടിയേറ്റ പ്രദേശത്തെ കർഷകർക്ക് സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾ ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

1117/2010.

LIBRARY ARCHIVES Kerala Legislative Assembly